# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.419** **26.04.2017-ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ നികുതി വരുമാനത്തിൽ കുറവ്

| | ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നോട്ട് നിരോധനത്തിനു ശേഷം സംസ്ഥാനത്തെ നികുതി വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച ശേഷം ഓരോ വകുപ്പും പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ വന്ന കുറവ് ചുവടെ ചേർക്കുന്നു:-<br><br>**വാണിജ്യനികുതി വകുപ്പ്:-** 2016-17 സാമ്പത്തിക വർഷം ഡിസംബർ - ജനുവരി മാസങ്ങളിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം 6329 കോടി രൂപയായിരുന്നു. എന്നാൽ 5479.39 കോടി രൂപയാണ് ലഭിച്ചത്. 849.61 കോടി രൂപയുടെ കുറവുണ്ടായി.<br><br>**എക്സൈസ് വകുപ്പ്:-** പ്രതീക്ഷിച്ച നികുതി വരുമാനം 541.22 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിച്ച തുക 439.65 കോടി രൂപയാണ്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി.<br><br>**രജിസ്ട്രേഷൻ വകുപ്പ്:-** പ്രതീക്ഷിച്ച നികുതി വരുമാനം 839.40 കോടി രൂപയായിരുന്നു. എന്നാൽ 527.6 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. അതായത് 311.80 കോടി രൂപയുടെ കുറവുണ്ടായി.<br><br>**ലാന്റ് റവന്യൂ വകുപ്പ്:-** ഈ ഇനത്തിൽ 295.14 കോടി രൂപ പ്രതീക്ഷിച്ചതിൽ 230.56 കോടി രൂപ മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. 64.58 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **മോട്ടോർ വാഹന വകുപ്പ്:-** പ്രസ്തുത കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 722.04 കോടി രൂപയായിരുന്നു. അതിൽ 605.56 കോടി രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 116.48 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. |
| **(ബി)** | നോട്ട് നിരോധനം എതെല്ലാം മേഖലകളെയാണ് ദോഷകരമായി ബാധിച്ചതെന്ന് വ്യക്തമാക്കുമോ; ഇത് മൂലം തൊഴിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ; | **(ബി)** | നോട്ട് നിരോധനം കാർഷിക മേഖലയേയും വിനോദസഞ്ചാര മേഖലയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടായ ഇടിവ് കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന വളർച്ച കൈവരിക്കാൻ സാധിച്ചില്ല. ചുരുക്കത്തിൽ, നോട്ട് റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രൂക്ഷമായി ബാധിക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ നോട്ട് റദ്ദാക്കലിന് ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി. നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ |

| | | | |
|---|---|---|---|
| | | | ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷെ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേക്ക് ഒഴുകുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു.<br><br>കാർഷിക മേഖലയിലെ ഭൂരിഭാഗം സാമ്പത്തിക ഇടപാടുകളും രൊക്കം പണത്തിലാണ് നടക്കുന്നത്. അതുകൊണ്ട് നോട്ടുകളുടെ ലഭ്യതക്കുറവ്, വിളവ് വിൽപ്പന, വിത്ത് വാങ്ങൽ, കൃഷിയുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ ഇടപാടുകൾ എന്നിവയെ സാരമായി ബാധിച്ചിട്ടുണ്ട്. കമ്പോളത്തിലെ പണമിടപാടുകളിലുണ്ടായ കാലതാമസവും ഉല്പന്നങ്ങളുടെ വില ഇടിഞ്ഞതും ഇതര സംസ്ഥാന തൊഴിലാളികൾ കൂലി ലഭിക്കാത്തതിനാൽ ജോലി ഉപേക്ഷിച്ച് നാട്ടിലേയ്ക്ക് മടങ്ങിപ്പോയതും കാർഷിക മേഖലയെ വളരെ ഗുരുതരമായ പ്രതിസന്ധിയിലേക്കാണ് തള്ളിയിട്ടിട്ടുള്ളത്.<br><br>കേരള സമ്പദ് വ്യവസ്ഥയുടെ പ്രധാന ചാലക ശക്തിയായ വിനോദസഞ്ചാര മേഖലയ്ക്ക് നോട്ട് നിരോധനം കനത്ത പ്രഹരമാണ് ഏല്പിച്ചിട്ടുള്ളത്. വിനോദസഞ്ചാര വകുപ്പിന്റെ ത്വരിത പരിശോധനയിൽ ആഭ്യന്തര വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ നോട്ട് അസാധുവാക്കലിനു ശേഷം ഇടിവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | നോട്ട് നിരോധനം കേരളത്തിന്റെ സാമ്പത്തിക മേഖലയിലുണ്ടാക്കിയ ആഘാതം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി എല്ലാ വകുപ്പുകളും സത്വരമായ നടപടികൾ സ്വീകരിച്ചതിനു പുറമെ പശ്ചാത്തല സൗകര്യ മേഖലയിൽ അനിവാര്യമായ മൂലധനചെലവിനുള്ള പണം കണ്ടെത്തുന്നതിലേയ്ക്കായി 'കിഫ്ബി' പോലുള്ള പ്രത്യേക നിക്ഷേപ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താൻ മുൻകൈയെടുത്തിട്ടുണ്ട്. ഇതിനായി സമഗ്രമായ നിയമ നിർമ്മാണം പൂർത്തീകരിക്കുകയും സാർവ്വത്രിക |

| | | | |
|---|---|---|---|
| | | | അംഗീകാരമുള്ള വിദഗ്ധരടങ്ങുന്ന ഡയറക്ടർ ബോർഡിന് രൂപം നൽകുകയും ചെയ്തു. ഫണ്ടിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്ന് സാക്ഷ്യപ്പെടുത്താനും ഫണ്ട്സ് ട്രസ്റ്റി ഉപദേശക കമ്മിഷന് രൂപം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**